**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ .മുഹമ്മദ് റഫീക്ക് അലി.എം,ശ്രീ അബൂബക്കർ .എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)740/2024 നമ്പർ കേസിലെ അന്തിമവിധി പ്രകാരം ശ്രീ .മുഹമ്മദ് റഫീക്ക് അലി.എം,ശ്രീ.അബൂബക്കർ.എം എന്നിവരുടെ സീനിയോറിറ്റി രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ LSGD/PD/13229/2025-GEA4 തീയതി: 21-08-2025**

പരാമർശം:

1) സ.ഉ(സാധാ)നം.1240/2015 തസ്വഭവ തീയതി 25/04/2015
2) സ.ഉ(സാധാ)നം.2089/2019 തസ്വഭവ തീയതി 26/09/2019
3) ശ്രീ.മുഹമ്മദ് റഫീക്ക് അലി എം,ശ്രീ.അബൂബക്കർ.എം എന്നിവർ സമർപ്പിച്ച 17/05/2024 തീയതിയിലെ അപേക്ഷ.
4) ശ്രീ .മുഹമ്മദ് റഫീക്ക് അലി.എം,ശ്രീ അബൂബക്കർ .എം എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM)740/2024 നമ്പർ കേസിലെ 04/07/2024 ലെ ഉത്തരവ്.
5) പ്രിൻസിപ്പൽ ഡയറക്ടറുടെ 10/04/2025 ലെ LSGD/PD/8991/2025-DEB5 നമ്പർ ഉത്തരവ് .

**ഉത്തരവ്**

പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെട്ടുത്തിയതിൻറെയും നഗരസഭയുമായി കൂട്ടിച്ചേർത്തതിൻരെയും ഭാഗമായി നഗരസഭകളിൽ തുടർന്നു വരുന്ന സാനിറ്ററി ഇൻസ്പെക്ടർമാരെ അവരുടെ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് സ്വീകരച്ച് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം നഗരസഭകളിൽ തുടർന്നു വന്ന തിരൂരങ്ങാടി നഗരസഭയിൽ ഹെൽത്ത് ഇന്സ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.മുഹമ്മദ് റഫീക്ക് അലി എം,ശ്രീ.അബൂബക്കർ എം എന്നവർ സമർപ്പിച്ച പരാമർശം 3 അപേക്ഷ പ്രകാരം തങ്ങളുടെ പഞ്ചായത്ത് വകുപ്പിലെ യഥാർത്ഥ നിയമന തീയതി മുതലുള്ള സീനിയോറിറ്റി സംരക്ഷിച്ച് മുനിസി്പ്പൽ കോമൺ സർവീസിൽ അബ്സോർബ് ചെയ്യുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിച്ചിരുന്നു.

ശ്രീ.എം മുഹമ്മദ് റഫീക്ക് അലി 26/10/2005 ന് പഞ്ചായത്ത് വകുപ്പിൽ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിൽ സാനിറ്ററി ഇൻസ്പെക്ടറായും ശ്രീ. അബൂബക്കർ.എം 23/08/2006 ൽ പഞ്ചായതത് വകുപ്പിൽ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിൽ സാനിറ്ററി ഇൻസ്പെക്ടറായും സേവനത്തിൽ പ്രവേശിച്ചിരുന്നു. 01/11/2015 ൽ ടി പഞ്ചായത്തുകൾ നഗരസഭകളായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺസർവീസിലായി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ അബ്സോർബ് ചെയ്യുന്നതിന് ടി ആളുകൾ അപേക്ഷ സമർപിക്കുകയും പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺസർവീസിൽ ടി ആളുകളെ അബ്സോർബ് ചെയ്യുകയും ചെയ്തിരുന്നു.

മുനിസിപ്പൽ കോമൺസർവീസിൽ നിന്നും ആഗിരണം ചെയ്യപ്പെട്ട ജീവനക്കാർക്ക് പഞ്ചായത്ത് സർവീസിലെ സീനിയോറിറ്റി അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ ശ്രീ. അബൂബക്കർ എം, ശ്രീ.എം മുഹമ്മദ് റഫീക്ക് അലി എന്നിവരുടെ അപേക്ഷ പരിഗണിച്ച് പഞ്ചായത്ത് വകുപ്പിലെ അവരുടെ സീനിയോറിറ്റി സംരക്ഷിച്ച് മുനിസിപ്പൽ കോമൺ സർവീസിൽ അബ്സോർബ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതിന്റെയും പരാമർശം (4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. അബൂബക്കർ എം, ശ്രീ.എം മുഹമ്മദ് റഫീക്ക് അലി എന്നിവർ ഫയൽ ചെയ്ത OA(EKM)740/2024 നമ്പർ കേസിലെ 04/07/2024 ലെ ഉത്തരവ് പ്രകാരവും ശ്രീ.എം മുഹമ്മദ് റഫീക്ക് അലിയെ 26/10/2005 തീയതിയും ശ്രീ. അബൂബക്കർ എം നെ 23/08/2006 തീയതിയും അടിസ്ഥാനമാക്കി മുനിസിപ്പൽ കോമൺ സർവീസിൽഅബ്സോർബ് ചെയ്തുകൊണ്ടുള്ള പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺസർവീസിലെ ഹെൽത്ത് വിഭാഗം ജീവനക്കാരുടെ പ്രസ്തുത കാലയളവിൽ നിലവിലുണ്ടായിരുന്ന ഗ്രഡേഷൻ ലിസ്റ്റിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കരട് സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.എം മുഹമ്മദ് റഫീക്ക് അലി എന്നവരെ ക്രമനമ്പർ 24 ദിനേശ് ബാബുവിനും ക്രമനമ്പർ 24A ശ്രീജിത്ത് എസ് നും മധ്യേ ക്രമനമ്പർ 24 A1 ആയും ശ്രീ. അബൂബക്കർ എം എന്നവരെ ക്രമനമ്പർ 24 B ശ്രീ ബിജോയ് ചന്ദ്രനും ക്രമനമ്പർ 25 ശ്രീ ജിൻസ് ലാസറിനും മധ്യേ 24 B1 ആയും ഉൾപ്പെടുത്തി സീനിയോറിറ്റി പുനർനിർണ്ണയിച്ച് ഉത്തരവാകുന്നു. ശ്രീ.എം മുഹമ്മദ് റഫീക്ക് അലി, ശ്രീ. അബൂബക്കർ എം എന്നിവരുടെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി മേൽ പ്രകാരം പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള തസ്തികയിലേക്കുള്ള തസ്തിക തിട്ടപ്പെടുത്തി പിന്നാലെ ഉത്തരവ്

പുറപ്പെടുവിക്കുന്നതാണ്.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ശ്രീ.എം മുഹമ്മദ് റഫീക്ക് അലി, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ( ( ജോയിന്റ് ഡയറക്ടർ മുഖേന)
2. ശ്രീ. അബൂബക്കർ എം, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 (പാലക്കാട ജോയിന്റ് ഡയറക്ടർ മുഖേന)
3. സീനിയർ സൂപ്രണ്ട്,DEB സെക്ഷൻ
4. സിസ്റ്റം മാനേജർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 21-08-2025 23:37:28